# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5065** — **15.11.2019 ൽ മറുപടിയ്ക്ക്**

**നാളികേര കർഷകർക്ക് ധനസഹായത്തിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ജെ. മാക്സി | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് നാളികേരം കൃഷി ചെയ്യുന്നുണ്ടെന്നും പത്തുവർഷം മുൻപ് എത്ര ഹെക്ടറിലായിരുന്നു കൃഷി ഉണ്ടായിരുന്നതെന്നും വ്യക്തമാക്കാമോ; | എ) & ബി) & സി) | സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച 2017-18-ലെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ നാളികേര കൃഷി വിസ്തൃതി 7,81,496 ഹെക്ടറും, ശരാശരി നാളികേര ഉല്പാദനം ഹെക്ടറിന് 6889 നാളികേരവുമാണ്. പത്ത് വർഷം മുൻപ് (2009-10) സംസ്ഥാനത്തെ നാളികേര കൃഷി വിസ്തൃതി 7,78,818 ഹെക്ടറും ഉല്പാദനം ഹെക്ടറിന് 7278 നാളികേരവും ആയിരുന്നു.<br><br>നിലവിൽ സംസ്ഥാനത്ത് നാളികേരം കൃഷി ചെയ്യുന്ന കർഷകരുടെ എണ്ണം സംബന്ധിച്ച് പ്രസിദ്ധീകരിക്കപ്പെട്ട കണക്കുകൾ ലഭ്യമല്ലായെങ്കിലും സംസ്ഥാനത്ത് 50 ലക്ഷത്തോളം കർഷകർ തെങ്ങ് കൃഷി ചെയ്യുന്നതായി കണക്കാക്കുന്നു. |
| ബി) | ശരാശരി നാളികേര ഉല്പാദനം പ്രതിവർഷം ഹെക്ടറിന് എത്രയെന്നും പത്തുവർഷം മുൻപ് എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ; | | |
| സി) | നിലവിൽ സംസ്ഥാനത്ത് നാളികേരം കൃഷി ചെയ്യുന്ന കർഷകരുടെ എണ്ണം എത്രയെന്നും പത്തുവർഷം മുൻപ് എത്രയായിരുന്നുവെന്നും അറിയിക്കാമോ; | | |
| ഡി) | 2018-ലെ മഹാ പ്രളയവും 2019-ലെ പ്രളയവും ഉരുൾപൊട്ടലും കാരണം നാളികേരകൃഷിയിൽ എത്ര കോടി രൂപയുടെ നാശനഷ്ടമുണ്ടായി; | ഡി) & ഇ) & എഫ്) | 2018-ലെ കാലവർഷത്തിൽ 24,850 ലക്ഷം രൂപയുടേയും 2019-ലെ കാലവർഷത്തിൽ 4585.01 ലക്ഷം രൂപയുടേയും നഷ്ടം നാളികേര കൃഷിയിൽ ഉണ്ടായി എന്ന് കണക്കാക്കിയിട്ടുണ്ട്.<br><br>പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം കായ്ഫലമുള്ള ഒരു തെങ്ങിന് 700 രൂപയും കായ്ഫലമില്ലാത്ത തെങ്ങിന് 350 രൂപയും നഷ്ടപരിഹാരം നൽകി വരുന്നു. ഇൻഷ്വർ ചെയ്തിട്ടുള്ള നാളികേര കർഷകർക്ക് വിള ഇൻഷ്വറൻസ് തുകയും 2018 പ്രളയം കാരണമുള്ള നഷ്ടത്തിന് വിതരണം |
| ഇ) | ഇത്തരത്തിൽ നാശനഷ്ടമുണ്ടായ കർഷകരെ സഹായിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| എഫ്) | എത്ര നാളികേര കർഷകർക്ക് ഇതിനകം പ്രയോജനം ലഭിച്ചുവെന്നും ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | | ചെയ്തിട്ടുണ്ട്. SDRF-ൽ നിന്നും ഡിപ്പാർട്ട്മെന്റ് ഫണ്ടിൽ നിന്നും ദുരിതാശ്വാസ സഹായ ധനവും നൽകി വരുന്നു. കൂടാതെ പ്രളയ ബാധിതമായ സംസ്ഥാനത്തെ തെങ്ങുകൃഷി പുനർനടീലിനും പുനരുദ്ധാരണത്തിനുമായി നാളികേര വികസന ബോർഡ് അനുവദിച്ച പദ്ധതിയും കേരകർഷകർക്കായി ജില്ലകളിൽ നടപ്പാക്കി വരുന്നു.<br><br>നാളിതുവരെ 24394 നാളികേര കർഷകർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇതിനായി 270.98 കോടി രൂപ ഇതു വരെ ചെലവഴിച്ചിട്ടുണ്ട്. |
| ജി) | നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി രണ്ടു വർഷത്തിനകം എത്ര ലക്ഷം തെങ്ങിൻതൈ നട്ടുപിടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | ജി) | സംസ്ഥാനത്തെ നാളികേര കൃഷിയുടെ സമഗ്ര വികസനത്തിനായി നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. കേരകൃഷിയുടെ വിസ്തൃതി നിലവിലെ 7.81 ലക്ഷം ഹെക്ടറിൽ നിന്നും 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനും അതിലേയ്ക്കായി 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങ് കൃഷി വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വാർഡുകളിലും 75 തെങ്ങിൻ തൈകൾ വീതം വച്ചുപിടിപ്പിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതി 'കേരകേരളം സമൃദ്ധ കേരളം' എന്ന പേരിൽ 2019 ജൂലൈ മാസം മുതൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. പ്രതിവർഷം 15 ലക്ഷം തൈകൾ വീതം എന്ന തോതിൽ ഭൗതിക ലക്ഷ്യം വച്ചാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിലേയ്ക്കാവശ്യമായ തൈകൾ കൃഷി വകുപ്പ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, കേരള കാർഷിക സർവ്വകലാശാല എന്നിവ മുഖേന ഉല്പാദിപ്പിച്ച് കർഷകന് നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. നെടിയ ഇനം, കുറിയ ഇനം, ഹൈബ്രിഡ് എന്നീ ഇനങ്ങൾ 60:20:20 അനുപാതത്തിൽ 50% വിലയ്ക്കാണ് കർഷകർക്ക് നൽകുന്നത്. ആദ്യവർഷമായ 2019-20-ൽ കേരഗ്രാമങ്ങളായ 300 പഞ്ചായത്തുകളിലും, അല്ലാതുള്ള 200 തെരഞ്ഞെടുത്ത പഞ്ചായത്തുകളിലുമായി ആകെ 500 പഞ്ചായത്തുകളിൽ 5.82 ലക്ഷം തെങ്ങിൻ തൈകൾ നടുന്നതിനും, തൈകളുടെ ഉല്പാദനം വർദ്ധിപ്പിച്ച് വരും വർഷങ്ങളിൽ പ്രതിവർഷം 15 ലക്ഷം തൈകൾ വീതം നടുന്നതിനുമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. |

Manoj

**സെക്ഷൻ ഓഫീസർ**